**Online press releases from Directorate, Thiruvananthapuram**

## ബാലശാസ്ത്ര കോൺഗ്രസ് വിജയികൾക്ക് ഗ്രേസ്മാർക്ക്

ദേശീയ ബാലശാസ്ത്ര കോൺഗ്രസിൽ പങ്കെടുത്ത് വിജയികളാകുന്ന സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്കനുവദിച്ച് സർക്കാർ ഉത്തരവായി. സംസ്ഥാനതലത്തിൽ പങ്കെടുത്ത് വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് എ.ബി.സി. ഗ്രേഡുകൾക്ക് യഥാക്രമം 5%, 4%, 3%, ദക്ഷിണേന്ത്യാതലത്തിൽ പങ്കെടുത്ത് വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് എ.ബി.സി. ഗ്രേഡുകൾക്ക് യഥാക്രമം 15%, 13%, 11%, ദേശീയതലത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് 15% എന്നിങ്ങനെയാണ് ഗ്രേസ് മാർക്ക് അനുവദിക്കേണ്ടത്. ഉത്തരവ് 2013 മാർച്ച് മുതൽ പ്രാബല്യത്തിൽ വരും. പി.എൻ.എക്സ്.4619/12

Maintained by Web & New Media Division, Information & Public Relations Department